TUESDAY 12.03.2024 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/03/2024

1. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളായണി കാർഷിക കോളേജിലെ നാലാം വർഷ കാർഷിക ബിരുദ വിദ്യാർത്ഥികൾ അവരുടെ ഗ്രാമീണ അവബോധ പ്രവർത്തി പരിചയ പരിപാടിയായ ഹരിതാരവത്തിന്റെ ഭാഗമായി ബ്ലോക്ക് തല അഗ്രിക്ലിനിക് ഇന്ന് (12.03.2024) പെരുമ്പഴുതൂർ, നാളെ (13.03.2024) വെള്ളറട എന്നീ പ്രദേശങ്ങളിൽ വച്ച് നടത്തുന്നു. രാവിലെ 9.30 നാണ് ക്ലിനിക്കുകൾ ആരംഭിക്കുന്നത്. വിളകളിലെ രോഗ - കീട നിർണയം, നിയന്ത്രണം പ്രതിവിധികൾ, വിത്ത് -നടീൽ വസ്തുക്കളുടെ വിൽപ്പന, കൃഷിയിട സന്ദർശനം, കാർഷിക പ്രദർശനം, പ്രവർത്തി പരിചയ പരിപാടി, മൊബൈൽ മണ്ണ് പരിശോധന തുടങ്ങിയവ ഇതിനോടാനുബന്ധിച്ച നടത്തുന്നതാണ്. ഈ പ്രദേശങ്ങളിലെ താല്പര്യമുള്ള കർഷകർക്ക് അവരുടെ കൃഷിയിടത്തിലെ രോഗ കീടബാധയുടെ ലക്ഷണങ്ങൾ ഉള്ള വിളകളുടെ സാമ്പിളുകളുമായി എത്തി സംശയനിവാരണം വരുത്താവുന്നതാണ്.

2. നെടുമങ്ങാട് ഗ്രാമീണ കാർഷിക മൊത്തവ്യാപാര വിപണിയിൽ നിന്ന് വിവിധയിനം പഴം പച്ചക്കറികൾ ലേലം ചെയ്ത് എടുക്കുന്നതിന് താത്പര്യമുള്ള കച്ചവടക്കാരിൽ നിന്ന് രജിസ്ട്രേഷൻ ക്ഷണിക്കുന്നു. ആജീവനാന്തര രജിസ്ട്രേഷൻ ഫീസ് 250/- രൂപ; കൂടുതൽ വിവരങ്ങൾക്ക് 9383470311, 9383470312 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. വയനാട് അമ്പലവയൽ സംരക്ഷിത കൃഷിയിലൂടെ മികവിന്റെ കേന്ദ്രത്തിൽ ഉല്പാദിപ്പിച്ച **സ്നോ വൈറ്റ് ഇനം ഹൈബ്രിഡ് സാലഡ് കക്കിരി, സുപ്രീം ഇനം ഹൈബ്രിഡ് വള്ളിപ്പയർ** എന്നിവ വിൽപ്പനയ്ക്ക് തയ്യാറാണ്. വില 2/- രൂപ. ആവശ്യമുള്ള കർഷകർ അമ്പലവയൽ RARS മായോ 9497238632, 9562304546 എന്നീ ഫോൺ നമ്പറിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

4. കാസർകോഡ് ബദിയഡുക്ക ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ നല്ലയിനം **കാസറകോഡ് കുള്ളൻ പശുക്കൾ** ലഭ്യമാണ്. പശുക്കളെ ആവശ്യമുള്ള ഫാമുകൾക്കും കർഷകർക്കും കാസർകോഡ് ബദിയഡുക്ക ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രവുമായി 9446023845, 8086982969, 9447070957 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

5. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"വാണിജ്യാടിസ്ഥാനത്തിലുള്ള പുഷ്പകൃഷിയും പൂന്തോട്ട പരിപാലനവും"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 മാർച്ച് 13 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ മാർച്ച് 12 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള പൂർണ്ണമായും മലയാളത്തിൽപരിശീലിപ്പിക്കുന്ന കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് മാർച്ച് 13 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

6. കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷൻ ആൻഡ് ഫിഷറീസ് സയൻസ് മാർച്ച് 14, 15 തീയതികളിലായി **മത്സ്യകൃഷിയിലെ നൂതന സാങ്കേതികവിദ്യകൾ** എന്ന വിഷയത്തെ ആസ്പദമാക്കി രണ്ടു ദിവസത്തെ പരിശീലന സംഘടിപ്പിച്ചിരിക്കുന്നു. പരിശീലന ഫീസ് 1000 രൂപ. കൂടുതൽ വിവരങ്ങൾക്ക് 9809800220, 7736560431 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർകൃഷിയിൽ 2024 മാർച്ച് 18 മുതൽ 22 വരെ പരിശീലനം നൽകുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ചു നടക്കുന്ന പരിശീലനത്തിൽ നൂതനനടീൽവസ്തുക്കൾ, നടീൽരീതികൾ, വളപ്രയോഗശുപാർശകൾ, കീട-രോഗനിയന്ത്രണം, ടാപ്പിങ് തുടങ്ങിയ വിഷയങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇമെയിൽ: training@rubberboard.org.in

**മൃഗസംരക്ഷണ നിർദ്ദേശം**

8. അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കുന്നത് വളർത്തു കോഴികളെയും പക്ഷികളെയും പ്രതികൂലമായി ബാധിക്കും. പ്രതികൂല സാഹചര്യത്തെ പ്രതിരോധിക്കുന്നതിനായി പക്ഷികളെ സൂര്യരശ്മികൾ ഏൽക്കാത്ത വെള്ള പെയിന്റ് അടിച്ച മേൽക്കൂരകൾക്ക് താഴെ പാർപ്പിക്കുക. ഫാൻ വെച്ചു കൊടുക്കുകയോ, ദേഹത്തു തണുത്ത വെള്ളം തൂവുകയോ ചെയ്യുക. കുടിക്കാനായി ഐസ്, ഗ്ലൂക്കോസ്, ഒരു ശതമാനം സോഡിയം ബൈ കാർബോണേറ്റ് എന്നിവ ചേർത്ത വെള്ളം നൽകുക. ചൂട് കുറഞ്ഞ സമയങ്ങളിൽ രാവിലെയും വൈകുന്നേരങ്ങളിലും വിറ്റാമിനുകൾ, ഫോസ്ഫോറസ്, വൈറ്റമിൻ -സി സമ്പുഷ്ടമാക്കിയ തീറ്റ നൽകുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം